# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 927** **05.02.2020 ലെ മറുപടി**

## കുറ്റ്യാടി പുഴയുടെ കോട്ടക്കൽ ഭാഗത്ത് പുലിമുട്ട് നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ. ദാസൻ** | | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പുഴയുടെ കോട്ടക്കൽ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിനായി ലഭിച്ച ഭരണാനുമതിക്ക് ശേഷം പ്രസ്തുത കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ; | (എ), (ബി) & (സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പുഴയുടെ കോട്ടക്കൽ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തുവാൻ ചുമതലപ്പെടുത്തിയ CWPRS ന് ആവശ്യപ്പെട്ട ഫീൽഡ് ഡാറ്റകൾ കൈമാറിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സ്ഥാപനമായ CWPRS ന് മുൻകൂറായി തുക നൽകിയാൽ മാത്രമേ പഠനം നടത്തുകയുള്ളൂ എന്ന് അറിയിക്കുകയും അത് പ്രകാരം തുക കൈമാറുന്നതിനുള്ള അനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പുലിമുട്ട് നിർമ്മാണത്തിന് പഠനം നടത്തുന്നതിനായി കേന്ദ്ര സ്ഥാപനത്തിന് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പണം കൈമാറിയിട്ടുണ്ടോ ; വിശദമാക്കാമോ; | |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ? | |

Onjith

**സെക്ഷൻ ഓഫീസർ**

4/2